# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3426 — 23.06.2014 ൽ മറുപടിക്ക്

### ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട കേസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: | | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ആറന്മുള വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിത ട്രൈബ്യൂണൽ മുമ്പാകെ നടന്ന കേസിൽ സർക്കാരിനുവേണ്ടി ഹാജരായത് ആരാണെന്ന് വെളിപ്പെടുത്തുമോ; | (എ) | അഡ്വക്കേറ്റ് ജനറലും, ചെന്നൈ നാഷണൽ ഗ്രീൻ ട്രിബ്യൂണലിലെ കേരളത്തിന്റെ സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർ അഡ്വ. സുവിത എ.എസ് ഉം ആണ് ഹാജരായത്. |
| (ബി) | ഹരിത ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ അവതരിപ്പിച്ച വാദമുഖങ്ങൾ എന്തെല്ലാമായിരുന്നുവെന്നും ഇതിന്റെ വിശദാംശങ്ങൾ എന്തൊക്കെയെന്നും അറിയിക്കാമോ; | (ബി) | ആറന്മുള വിമാനത്താവള പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകിയത് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയമാണ്. പദ്ധതി പ്രദേശവുമായി ബന്ധപ്പെട്ട് കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം ആവശ്യപ്പെട്ട വസ്തുതാപരമായ വിവരങ്ങൾ നൽകുക മാത്രമാണ് സംസ്ഥാന സർക്കാർ ചെയ്തിട്ടുള്ളത്. ഈ പ്രദേശം ഒരു തണ്ണീർത്തടമല്ല. ഇവിടെ പമ്പാനദിയുടെ നശീകരണവുമായി ബന്ധപ്പെട്ട പാരിസ്ഥിതികനാശം ഇപ്പോൾത്തന്നെ അനുഭവവേദ്യമാണ്. പാടം നികത്തിയത്, നികത്തൽ നിരോധിച്ച 2008 ലെ സംസ്ഥാന നിയമം പ്രാബല്യത്തിലാകുന്നതിനു മുമ്പാണ്, അപ്പീലുകാർ സമർപ്പിച്ച 'സലിം അലി ഫൗണ്ടേഷൻ' എന്ന സംഘടനയുടെ അന്വേഷണ റിപ്പോർട്ട് ഹർജിക്കാരിലൊരാളായ ശ്രീ.കെ.പി.ശ്രീരംഗനാഥൻ കൂടി ചേർന്ന് തയ്യാറാക്കിയതിനാൽ, തെളിവായി സ്വീകരിക്കാ |

| | | | |
|---|---|---|---|
| | | | നാവില്ല. ഈ സംഘടന പാരിസ്ഥിക പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റേഷൻ നേടിയിട്ടില്ല. പദ്ധതി പ്രദേശം നിലവിൽ പാരിസ്ഥിതികമായി അധഃപതിച്ച കൃഷി ഇല്ലാത്ത പാടങ്ങളാണ്. ഇവിടുത്തെ പ്രശ്നങ്ങൾ അപ്പീൽ നൽകിയവർ സമർപ്പിച്ച തെളിവു രേഖകളിൽ നിന്നും തന്നെ വ്യക്തമാണ്. അവ എയർപോർട്ട് പദ്ധതി മൂലമോ പാടം നികത്തിയതുമൂലമോ ഉണ്ടായതല്ല. (ഉദാ. ആഫ്രിക്കൻ പായൽ നിറഞ്ഞത്, കണ്ണട്ട ശല്യം, കന്നുകാലികൾ മരണപ്പെടാൻ ഇടയാക്കുന്നത്, സമീപ വാസികൾക്ക് ചൊറിച്ചിൽ തുടങ്ങിയ ശാരീരികാ സ്വാസ്ഥ്യങ്ങൾ, പാമ്പുശല്യം മുതലായവ) ഈ പദ്ധതി മൂലമുണ്ടാകുന്ന തൊഴിലവസരങ്ങളും സാമൂഹ്യ - സാമ്പത്തിക പുരോഗതിയും ഇതു മൂലമുണ്ടാകുമെന്നു പറയുന്ന പാരിസ്ഥിതിക കോട്ടങ്ങളെ അപേക്ഷിച്ച് വളരെയധികവും ഗുണ പരവുമാണ് എന്നിവയാണ് സംസ്ഥാന സർക്കാർ സ്വീകരിച്ച നിലപാട്. |
| (സി) | ഹരിത ട്രൈബ്യൂണൽ മുമ്പാകെ സർക്കാർ നിരത്തിയ വാദങ്ങൾ കെ.ജി.എസ് കമ്പനിക്ക് അനുകൂലമായിരുന്നോ പ്രതി കൂലമായിരുന്നോ എന്ന് വിശദമാക്കാമോ; | (സി) | വിമാനത്താവളത്തിന് പാരിസ്ഥികാനുമതി നൽകുന്ന പ്രക്രിയയിൽ സംസ്ഥാന സർക്കാരിന് നേരിട്ട് പങ്കില്ല. അപ്പീലുകാർ സംസ്ഥാന സർക്കാരിനെ പ്രതി ചേർത്തതു കൊണ്ട് മാത്രമാണ് സർക്കാരിന് സത്യവാങ്മൂലം ഫയൽ ചെയ്യേണ്ടി വന്നത്. വസ്തുതകൾ സത്യ സന്ധമായി ട്രിബ്യൂണൽ മുമ്പാകെ വയ്ക്കുക മാത്രമാണ് സർക്കാർ ചെയ്തത്. കെ.ജി.എസ്. കമ്പനിക്ക് അനുകൂലമോ പ്രതികൂലമോ ആയ നിലപാടുകളൊന്നും സർക്കാർ സ്വീകരിച്ചിട്ടില്ല. കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാർ സമർപ്പിച്ച |

| | | | |
|---|---|---|---|
| | | | വസ്തുതാപരമായ റിപ്പോർട്ടുകൾ സമർപ്പിക്കുകയും ഹർജിക്കാർ തന്നെ സമർപ്പിച്ച ചില തെളിവു രേഖകൾ ആസ്പദമാക്കി സംസ്ഥാന സർക്കാരിന്റെ വസ്തുതാ വിവരണം സ്ഥാപിക്കുകയും ആണ് ചെയ്തിട്ടുള്ളത്. |
| (ഡി) | ഹരിത ട്രൈബ്യൂണലിന്റെ ഇപ്പോഴത്തെ വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ അപ്പീൽ നൽകുമോ എന്ന് വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാന സർക്കാർ അപ്പീൽ പോകേണ്ട സാഹചര്യം നിലവിലില്ല. |
| (ഇ) | ആറന്മുള വിമാനത്താവള നിർമ്മാണ വിഷയത്തിൽ സർക്കാരിന്റെ നിലപാട് വിശദമാക്കുമോ? | (ഇ) | നിലവിൽ ഈ പദ്ധതിക്ക് നിയമപരമായ തടസ്സമുള്ളതിനാൽ പദ്ധതി നടപ്പാക്കുക സാദ്ധ്യമല്ല. |

[signature]

സെക്ഷൻ ഓഫീസർ